**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6571** **11-11-2021 - ൽ മറുപടിയ്ക്ക്**

**ആധുനിക സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരന്തരമുണ്ടാകുന്ന പേമാരിയും വെള്ളപ്പൊക്കവും മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന കനത്ത നഷ്ടവും കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന കർഷക വിരുദ്ധ നിലപാടുകളും കർഷകരുടെ ആത്മവിശ്വാസത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി പുനർജനി ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടത്തിയതിന്റെ ഭാഗമായി കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കർഷകരെ സാഹയിക്കുന്നതിനും കാർഷികാഭിവൃദ്ധി കൈവരിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനും കാർഷികാഭിവൃദ്ധി കൈവരിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ വൈവിധ്യമാർന്ന പദ്ധതികളാണ് നടപ്പാക്കിയത്. പ്രധാനപ്പെട്ട വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, പ്രാദേശിക പ്രാധാന്യമുള്ള വിളകൾ, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയ വിളകളുടെ സമഗ്രമായ വികസനത്തിലൂന്നിയ പരിപാടികൾ മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം, മണ്ണ് പരിശോധന, ജൈവകൃഷി പ്രോത്സാഹനം എന്ന പദ്ധതികളിലൂടെ സുരക്ഷിതമായ ഭക്ഷ്യോത്പാദനം സാധ്യമാക്കി. യന്ത്രവൽക്കരണത്തിനും, കാർഷിക സേവനങ്ങൾക്കും, വിപണനത്തിനും മൂല്യവർദ്ധനത്തിനും അടിസ്ഥാന വില ലഭ്യമാക്കുന്നതിനും പ്രത്യേകം പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി. കർഷകർക്ക് പ്രകൃതിക്ഷോഭത്തിൽ നിന്നും ആശ്വാസമേകാൻ വിള ഇൻഷ്വറൻസും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പരിപാടിയും സമയോചിതമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും, ഉല്പന്നങ്ങളുടെ സംഭരണം ശക്തമാക്കുന്നതിനും നിലവിലെ സൗകര്യങ്ങൾ | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ; | | |
| (ഡി) | കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി ആധുനിക സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു വിപണനം നടത്തി വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി സഹകരണ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു ധനസഹായം 2. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം 3. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ 4. കണ്ടെയ്നർ മോഡൽ വില്പനശാലകൾ |

സെക്ഷൻ ഓഫീസർ